(സി&ഡി) പ്രത്യേക പരിശീലന പരിപാടി ഇപ്പോൾ തന്നെ നിലവിലുണ്ട്. പട്ടികജാതി വികസന വകുപ്പിന്റെ കീഴിൽ പ്രവർത്തിച്ചുവരുന്ന പ്രീ-എക്സാമിനേഷൻ ട്രെയിനിംഗ് സെന്ററിൽ പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പരിശീലനം നൽകിവരുന്നുണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പിൽ 100% കേന്ദ്ര സഹായത്തോടു കൂടി അപ്ഗ്രഡേഷൻ ഓഫ് മെറിറ്റ് എന്നൊരു പദ്ധതി നടപ്പാക്കിവരുന്നു. 9-ാം ക്ലാസ് മുതൽ 12-ാം ക്ലാസ് വരെ പഠിക്കുന്ന തെരഞ്ഞെടുത്ത മിടുക്കരായ വിദ്യാർത്ഥികളെ മെഡിക്കൽ/എഞ്ചിനീയറിംഗ് മുതലായ പ്രൊഫഷണൽ കോഴ്സുകളിൽ പ്രവേശന പരീക്ഷയ്ക്ക് പ്രാപ്തരാക്കുന്നതിനുള്ള കോച്ചിംഗ് ഈ പദ്ധതി നൽകുന്നു. പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിലുള്ള തിരുവനന്തപുരം ജില്ലയിലെ കട്ടേല, വയനാട് ജില്ലയിലെ നല്ലൂർനാട് എന്നിവിടങ്ങളിൽ പഠിക്കുന്ന പ്ലസ് ടു വിദ്യാർത്ഥികൾക്ക് മെഡിക്കൽ എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷയിൽ യോഗ്യത നേടുന്നതിനുവേണ്ട കോച്ചിംഗ് നൽകിവരുന്നു. മെഡിക്കൽ-എഞ്ചിനീയറിംഗ്, എൽ.എൽ.ബി. തുടങ്ങിയ പ്രൊഫഷണൽ കോഴ്സുകളുടെ പ്രവേശന പരീക്ഷകൾക്ക് തയ്യാറെടുക്കുന്നുവർക്കും റിപ്പീറ്റേഴ്സായി പ്രവേശന പരീക്ഷയ്ക്ക് എഴുതുന്നവർക്കും കോച്ചിംഗ് നൽകാൻ ഒരു പദ്ധതി പട്ടികജാതി വികസന വകുപ്പിൽ രൂപപ്പെടുത്തിവരുന്നു.

ഇ. ടി. ആന്റ് ടി. എന്ന സ്ഥാപനത്തിലൂടെ ഉള്ള കമ്പ്യൂട്ടർ പരിശീലനം

78 (4019) ശ്രീ. വി. കെ. ചന്ദ്രൻ :
ശ്രീ. എ. കെ. ബാലൻ :
ശ്രീ. എം. വി. ജയരാജൻ :
ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികജാതിവർഗ്ഗക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികജാതിയിൽപ്പെട്ട വിദ്യാർത്ഥികൾക്ക് കമ്പ്യൂട്ടർ പരിശീലനം നൽകുന്നതിനായി സംസ്ഥാനത്ത് തെരഞ്ഞെടുക്കപ്പെട്ട ഇ.ടി.ആന്റ് ടി. എന്ന സ്ഥാപനത്തിലെ കോഴ്സ് സംബന്ധിച്ച് എന്തെങ്കിലും തരത്തിലുള്ള വിലയിരുത്തലുകൾ നടത്തിയിട്ടുണ്ടോ ; എങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കുമോ ;

(ബി) ഈ സ്ഥാപനങ്ങളെ തെരഞ്ഞെടുക്കുന്നത് ഏത് രീതിയിൽ ആണെന്നും ഏതെല്ലാം സ്ഥാപനങ്ങളെ ഇതിലേയ്ക്കായി പരിഗണിച്ചെന്നും വ്യക്തമാക്കാമോ ;

(സി) തെരഞ്ഞെടുക്കപ്പെട്ട സ്ഥാപനങ്ങളുടെ മുൻപരിചയവും അവയ്ക്കുള്ള പഠനസൗകര്യങ്ങളും വിലയിരുത്തിയിട്ടുണ്ടോ എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ; ഈ സ്ഥാപനത്തിന് ഇതുവരെയായി എത്ര തുക നല്കിയിട്ടുണ്ട് ;

(ഡി) ഇ.ടി.ആന്റ് ടി. എന്ന കമ്പ്യൂട്ടർ സ്ഥാപനത്തിൽ ഇതുവരെയായി ഓരോ സ്ഥാപനത്തിൽ നിന്നും എത്ര കുട്ടികൾക്ക് പരിശീലനം നൽകിയിട്ടുണ്ട് ;

(ഇ) അവരുടെ വിദ്യാഭ്യാസയോഗ്യതയും അഡ്രസ്സും കാണിക്കുന്ന ലിസ്റ്റ് മേശപ്പുറത്ത് വയ്ക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) കോഴ്സുകൾ നടത്തുന്ന സ്ഥാപനങ്ങൾക്ക് കേന്ദ്രഗവൺമെന്റ് എന്ന് മുതലാണ് അപ്രൂവൽ നൽകിയത് ; എത്ര കാലത്തേക്ക് ; ഇപ്പോഴും അംഗീകാരം ഉണ്ടോ ;

(ജി) ഓരോ കേന്ദ്രത്തിനും അംഗീകാരം നൽകിയ തീയതിയും, എത്ര കുട്ടികളെ ഓരോ കേന്ദ്രത്തിൽ പഠിപ്പിച്ചിരിക്കണമെന്നും വ്യക്തമാക്കുന്ന കണക്ക് മേശപ്പുറത്ത് വയ്ക്കാമോ ?

ഉത്തരം

(എ-ജി) വിവരം ശേഖരിച്ചുവരുന്നു.

പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കുള്ള ലംപ്സം ഗ്രാന്റ്

79 (4020) ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട സ്കൂൾ, കോളേജ് വിദ്യാർത്ഥികൾക്ക് ലംപ്സം ഗ്രാന്റായി എത്ര തുകയാണ് നൽകി വരുന്നതെന്ന് വ്യക്തമാക്കാമോ ;

(ബി) ഇതിന്റെ ഗുണഭോക്താക്കളുടെ എണ്ണം എത്ര ;

(സി) 2003-04 വിദ്യാഭ്യാസ വർഷത്തിൽ എല്ലാ ഗുണഭോക്താക്കൾക്കും ലംപ്സം ഗ്രാന്റ് നൽകുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(ഡി) ഇപ്പോൾ നൽകിവരുന്ന ലംപ്സം ഗ്രാന്റ് വർദ്ധിപ്പിക്കുവാൻ എന്തെങ്കിലും നിർദ്ദേശം ഗവൺമെന്റിന്റെ പരിഗണനയിലുണ്ടോ ?

ഉത്തരം

(എ) വിവിധ കോഴ്സുകൾക്ക് വ്യത്യസ്ത നിരക്കിലാണ് ലംപ്സം ഗ്രാന്റ് നൽകുന്നത്. ലംപ്സം ഗ്രാന്റിന്റെ നിരക്ക് കാണിക്കുന്ന 12-1-2001-ലെ സർക്കാർ ഉത്തരവ് (കൈ.) 4/2001/പജ. പവ. വിവ. നമ്പർ ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ബി) പ്രീമെട്രിക് സ്റ്റഡീസ്

പട്ടികജാതി വിഭാഗം	...	420880
ഒ.ഇ.സി.	...	80013
പട്ടികവർഗ്ഗവിഭാഗം-	...	45327
പോസ്റ്റ്മെട്രിക് സ്റ്റഡീസ്		
പട്ടികജാതി വിഭാഗം	...	83822
ഒ.ഇ.സി.	...	36722
പട്ടികവർഗ്ഗവിഭാഗം	...	2213

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly